**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **10-08-2023 - ൽ മറുപടിയ്ക്ക്**

**മാതൃകാ മത്സ്യഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ ഏതെങ്കിലും മത്സ്യത്തൊഴിലാളി കോളനികളെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഇല്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ 2023-24 വർഷത്തെ പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കായി ചുവടെ ചേർത്തിട്ടുള്ള 9 മാതൃകാ മത്സ്യഗ്രാമങ്ങളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ചിരുന്നു. |

| ക്രമ നം. | മത്സ്യഗ്രാമം | പദ്ധതി തുക | പി.എം. എം. എസ്. വൈ. വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|---|---|
| 1 | ഷിറിയ, കാസർഗോഡ് | 732.00 | 439.20 | 292.80 |
| 2 | ചാലിൽ ഗോപാൽ പേട്ട, കണ്ണൂർ | 750.00 | 450.00 | 300.00 |
| 3 | ചാലിയം, കോഴിക്കോട് | 750.00 | 450.00 | 300.00 |
| 4 | താനൂർ, മലപ്പുറം | 746.00 | 447.60 | 298.40 |
| 5 | പൊന്നാനി, മലപ്പുറം | 740.00 | 444.00 | 296.00 |
| 6 | ഇടക്കഴിയൂർ, തൃശ്ശൂർ | 738.00 | 442.80 | 295.20 |
| 7 | നായരമ്പലം എറണാകുളം | 742.00 | 445.20 | 296.80 |
| 8 | ചെല്ലാനം, എറണാകുളം | 750.00 | 450.00 | 300.00 |
| 9 | ആറാട്ടുപുഴ, ആലപ്പുഴ | 750.00 | 450.00 | 300.00 |
| | ആകെ | 6698.00 | 4018.80 | 2679.20 |

മേൽ പദ്ധതികൾ 2023-24 വർഷത്തെ പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കുള്ള നടപടി സ്വീകരിച്ചു

| | | | |
|---|---|---|---|
| | | | വരുന്നു. ആയതിൽ കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാൽ പേട്ട മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ പ്രദേശത്തെ രണ്ട് മത്സ്യത്തൊഴിലാളി കോളനികളായ നായനാർ കോളനി, കെ.ഇ.സി കോളനി എന്നിവിടങ്ങളിലെ സെപ്റ്റിക് ടാങ്കുകളുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ